(ബി) ഉണ്ടെങ്കിൽ അത് എവിടെയായിരിക്കണം എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ നിയമിച്ച കമ്മിറ്റി കേരളം സന്ദർശിച്ചിരുന്നുവോ;

(ഡി) അവരുടെ നിഗമനം എന്താണ്;

(ഇ) ഫിഷറീസ് കോളേജിനോടനുബന്ധിച്ച് റിസർച്ച് സ്റ്റേഷനും തുടങ്ങുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ;

(ജി) നിർദ്ദിഷ്ട ഫിഷറീസ് കോളേജിന് വേൾഡ് ബാങ്കിന്റെ എന്തെങ്കിലും ധനസഹായം ലഭിക്കുമെന്നുറപ്പുണ്ടോ?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) കേരള കാർഷിക സർവ്വകലാശാലയ്ക്ക് ആലോചനയുണ്ട്.

(ബി) ഇല്ല.

(സി) സന്ദർശിച്ചിരുന്നു.

(ഡി) അവരുടെ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

(ഇ) കാർഷിക സർവ്വകലാശാലയ്ക്ക് അങ്ങനെ ഒരു ഉദ്ദേശമുണ്ട്.

(എഫ്) വിശദ വിവരങ്ങൾ കോളേജ് സ്ഥാപിക്കുന്നതോടുകൂടി മാത്രമേ ലഭ്യമാവുകയുള്ളൂ.

(ജി) ഇതുവരെ അതിനെപ്പറ്റി സൂചന ഒന്നും ലഭിച്ചിട്ടില്ല.

വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ലെന്നു പരാതി

*387 [406] ശ്രീ. ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റൂറൽ ഡവലപ്മെന്റു ബോർഡിന്റെ നേതൃത്വത്തിൽ പഞ്ചായത്തുകൾ വഴി നടപ്പിൽ വരുത്തുന്ന ശുദ്ധ ജലവിതരണ പദ്ധതിക്കു വേണ്ടി നിർമ്മിക്കുന്ന കിണറുകളിൽ വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ലെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്കു പകരം നാലോ അഞ്ചോ പഞ്ചായത്തുകളെ ഉൾപ്പെടുത്തി മേജർ സ്കീമുകൾ നടപ്പിൽ വരുത്താൻ ഗവൺമെന്റു നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ):

(എ) ചില കിണറുകളിൽ വെള്ളം വറ്റാറുണ്ട്.

(ബി) നാലോ അഞ്ചോ പഞ്ചായത്തുകൾ ഉൾപ്പെടുത്തി മേജർ സ്കീമുകൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് മതിപ്പുതുക വളരെ കൂടുതലാണെന്നുള്ള കാരണത്താലാണ് ചെറിയ പദ്ധതികൾക്ക് കഴിയുന്നതും മുൻഗണന നൽകുന്നത്.

താലൂക്ക് ആശുപത്രികളിൽ ആവശ്യമായ ഉപകരണങ്ങൾ ഇല്ലെന്നു പരാതി

*388 [407] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളിൽ വിവിധ തുറകളിൽപെട്ട സ്പെഷ്യലൈസ് ചെയ്ത ഡോക്ടർമാരെ പലയിടങ്ങളിലും നിയമിച്ചിട്ടുണ്ടെങ്കിലും അവർക്ക് പ്രവർത്തിക്കാൻ ആവശ്യമായ ഉപകരണങ്ങൾ ഇല്ലാത്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തു നടപടി സ്വീകരിച്ചു?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ, ബി) സ്റ്റാൻഡേർഡ് ലിസ്റ്റ് അനുസരിച്ചുള്ള ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇനിയും ചില സ്പെഷ്യൽ ഉപകരണങ്ങളുടെ അഭാവം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവ വാങ്ങി നൽകാൻ വേണ്ട സത്വരമായ നടപടികൾ സ്വീകരിച്ചു വരുന്നു.

മെഡിക്കൽ സർവ്വകലാശാല

* 389 [409] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ മെഡിക്കൽ കോളേജുകളെയും ആയുർവ്വേദ കോളേജുകളെയും ഹോമിയോ കോളേജുകളെയും യോജിപ്പിച്ചു കൊണ്ട് ഒരു മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക്;

(സി) ഇല്ലെങ്കിൽ ഇതിനെപ്പറ്റി ആലോചിക്കുമോ?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തൽക്കാലം ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly